**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലാപഞ്ചായത്തിലെ താല്ക്കാലിക ജീവനക്കാരായ ശ്രീ. പി. സുരേഷിനെ നിലവിലുള്ള നൈറ്റ് വാച്ചർ തസ്തികയിലും, ഒരു ലൈബ്രറി അറ്റൻഡർ കം സാനിട്ടറി വർക്കർ തസ്തികയും ഒരു ഓഫീസ് അസിസ്റ്റന്റ് കം ടെലിഫോൺ ഓപ്പറേറ്റർ തസ്തികയും സൃഷ്ടിച്ച് യഥാക്രമം ശ്രീ സാബു. ആർ. എം, ശ്രീമതി. ദീപ്തി. ഇ. പി എന്നിവരെയും ടി തസ്തികകളിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (കൈ) നം. 30/ 2020/ ത.സ്വ.ഭ.വ  തീയതി, തിരുവനന്തപുരം, 06/ 02/ 2020**

---

പരാമർശം : ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08/ 02/ 2018 ലെ ഒ.എ (ഇകെഎം) 151/ 2018 നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

1. ആലപ്പുഴ ജില്ലാപഞ്ചായത്തിലെ താല്ക്കാലിക ജീവനക്കാരായ ശ്രീ സുരേഷ്. പി, ശ്രീ. സാബു. ആർ. എം, ശ്രീമതി. ദീപ്തി. ഇ. പി എന്നിവർ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച 151/ 2018 നമ്പർ ഒ.എ യിൽ ബഹു. ട്രൈബ്യൂണൽ മേൽ പരാമർശം പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അനക്സർ എ 4 മുതൽ എ 6 വരെയുള്ള പ്രൊപ്പോസലുകൾ ഉമാദേവി കേസിലെ വിധിന്യായത്തിലെ 53-ാം ഖണ്ഡികയിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള നിർദേശങ്ങൾ പ്രകാരവും സമാനമായി ദിവസവേതന ജീവനക്കാരുടെ സേവനം ക്രമവൽക്കരിച്ച അനക്സർ എ 7, എ 8 ഉൾപ്പടെയുള്ള ഒന്നാം എതിർകക്ഷിയായ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിലും പരിശോധിച്ച് അപേക്ഷകരെയും 4-ാം എതിർകക്ഷി ആലപ്പുഴ ജില്ലാപഞ്ചായത്ത് സെക്രട്ടറിയെയും നേരിൽ കേട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദേശിച്ചു

2. 12/ 11/ 1997 മുതൽ ആലപ്പുഴ ജില്ലാപഞ്ചായത്തിൽ ഡ്രൈവറുടെ തസ്തികയിൽ താൽക്കാലിക നിയമനം ലഭിക്കുകയും ഡ്രൈവറുടെ ഒഴിവിലേയ്ക്ക് സ്ഥിര നിയമനം നടന്നതിനാൽ ജില്ലാപഞ്ചായത്ത് നൈറ്റ് വാച്ചറുടെ തസ്തികയിൽ 3.06.2004 മുതൽ നിയമനം നൽകി അന്നുമുതൽ ഇതേവരെ ജില്ലാപഞ്ചായത്ത് നിർദ്ദേശിച്ച ചുമതലകൾ നിർവ്വഹിച്ച്

വരുന്ന ശ്രീ. പി. സുരേഷിനെ നിലവിലുള്ള നൈറ്റ് വാച്ചർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ആലപ്പുഴ ജില്ലാപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച പ്രൊപ്പോസലാണ് അനക്സർ എ 4. 30.04.2001 ലെ ജില്ലാ പഞ്ചായത്ത് യോഗം ശ്രീ. സാബു. ആർ. എം. നെ ആലപ്പുഴ ജില്ലാപഞ്ചായത്തിൽ ലൈബ്രറി അറ്റൻഡർ / സാനിട്ടറി വർക്കർ തസ്തികയിൽ താല്ക്കാലിക നിയമനം നൽകുകയും അന്നുമുതൽ ഇതേവരെ ജില്ലാപഞ്ചായത്ത് നിർദ്ദേശിച്ച ചുമതലകൾ നിർവ്വഹിച്ച് വരികയാണെന്നും ശ്രീ സാബുവിനെ ജില്ലാപഞ്ചായത്തിന്റെ തീരുമാനം പരിഗണിച്ച് ലൈബ്രറി അറ്റൻഡർ / സാനിട്ടറി വർക്കർ തസ്തികയിൽ സ്ഥിരപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ആലപ്പുഴ ജില്ലാപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച പ്രൊപ്പോസലാണ് അനക്സർ എ 5. ആലപ്പുഴ ജില്ലാപഞ്ചായത്ത് തീരുമാനപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ ഓഫീസ് അസിസ്റ്റന്റായും ടെലഫോൺ ഓപ്പറേറ്ററായും 20.10.2000 മുതൽ ആലപ്പുഴ ജില്ലാപഞ്ചായത്തിൽ താല്ക്കാലിക നിയമനം ലഭിച്ച ശ്രീമതി ദീപ്തി.ഇ.പി അന്നുമുതൽ ഇതേവരെ ജില്ലാപഞ്ചായത്ത് നിർദ്ദേശിച്ച ചുമതലകൾ നിർവ്വഹിച്ച് വരികയാണെന്നും ജില്ലാപഞ്ചായത്തിന്റെ തീരുമാനം പരിഗണിച്ച് ടിയാളെ ടെലഫോൺ ഓപ്പറേറ്റർ തസ്തികയിൽ സ്ഥിരപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ആലപ്പുഴ ജില്ലാപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച പ്രൊപ്പോസലാണ് അനക്സർ എ 6.

3. ആലപ്പുഴ ജില്ലാപഞ്ചായത്തിൽ നൈറ്റ് വാച്ചറുടെ ഒരു തസ്തിക നിലവിലുണ്ട്. എന്നാൽ ലൈബ്രറി അറ്റൻഡർ കം സാനിട്ടറി വർക്കർ തസ്തിക, ഓഫീസ് അസിസ്റ്റന്റ് കം ടെലഫോൺ ഓപ്പറേറ്റർ തസ്തിക എന്നിവ നിലവിലില്ല.

4. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം അപേക്ഷകരേയും 4-ാം കക്ഷിയായ ആലപ്പുഴ ജില്ലാപഞ്ചായത്ത് സെക്രട്ടറിയെയും നേരിൽ കേൾക്കുകയും ബഹു. സുപ്രീം കോടതിയുടെ Secretary, State of Karnataka v UmaDevi,(2006) 4, SCC -1 ന്റെ 53-ാം ഖണ്ഡിക പ്രകാരവും ബഹു. കേരള ഹൈക്കോടതിയുടെ Jolly P.G v. Union of India and Ors (MANU/KE/2719)എന്ന കേസിന്റെ വിധിന്യായത്തിലെ 7-ാം ഖണ്ഡിക പ്രകാരവും അനക്സർ എ 7, എ 8 ഉൾപ്പടെയുള്ള ഉത്തരവുകൾ പ്രകാരവും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, ആലപ്പുഴ ജില്ലാപഞ്ചായത്തിലെ താല്ക്കാലിക ജീവനക്കാരായ ശ്രീ. പി. സുരേഷിനെ ടി ഓഫീസിൽ നിലവിലുള്ള നൈറ്റ് വാച്ചർ

തസ്തികയിലും, ഒരു ലൈബ്രറി അറ്റൻഡർ കം സാനിട്ടറി വർക്കർ തസ്തികയും ഒരു ഓഫീസ് അസിസ്റ്റന്റ് കം ടെലഫോൺ ഓപ്പറേറ്റർ തസ്തികയും, സൃഷ്ടിച്ച് യഥാക്രമം ശ്രീ. സാബു. ആർ. എം, ശ്രീമതി. ദീപ്തി. ഇ. പി എന്നിവരെയും ടി തസ്തികകളിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പുതിയതായി സൃഷ്ടിച്ച തസ്തികകളുടെ ശമ്പള സ്കെയിൽ സംബന്ധിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**റ്റി.കെ. ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ശ്രീ. സുരേഷ്. പി, നൈറ്റ് വാച്ചർ, ആലപ്പുഴ ജില്ലാപഞ്ചായത്ത് (സെക്രട്ടറി, ആലപ്പുഴ ജില്ലാപഞ്ചായത്ത് മുഖേന)
ശ്രീ. സാബു. ആർ. എം, ലൈബ്രറി അറ്റൻഡർ കം സാനിട്ടറി വർക്കർ, ആലപ്പുഴ ജില്ലാപഞ്ചായത്ത് (സെക്രട്ടറി, ആലപ്പുഴ ജില്ലാപഞ്ചായത്ത് മുഖേന)

ശ്രീമതി. ദീപ്തി. ഇ. പി, ഓഫീസ് അസിസ്റ്റന്റ് കം ടെലഫോൺ ഓപ്പറേറ്റർ, ആലപ്പുഴ ജില്ലാപഞ്ചായത്ത് (സെക്രട്ടറി, ആലപ്പുഴ ജില്ലാപഞ്ചായത്ത് മുഖേന)

സെക്രട്ടറി, ജില്ലാപഞ്ചായത്ത്, ആലപ്പുഴ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ ജില്ല.
അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ്(നം. DEV-1/343/2018-FIN തീയതി 19.08.2019 പ്രകാരം).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/20/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ